## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2346

05.02.2018 ൽ മറുപടിക്ക്

### പ്രത്യേക സാമ്പത്തിക മേഖല

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപനം സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് എന്തെല്ലാം സംഭാവനകളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് വിദേശനിക്ഷേപം ആകർഷിക്കുന്നതിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടിയാണ് പ്രത്യേക സാമ്പത്തിക മേഖല (SEZ) പ്രഖ്യാപനത്തിന്റെ ലക്ഷ്യം. ഇതുവഴി 24 പ്രത്യേക സാമ്പത്തിക മേഖലകളിലായി 12303.77 കോടി രൂപയുടെ മൊത്തം നിക്ഷേപം ഉണ്ടാവുകയും, 2017-18 സാമ്പത്തികവർഷത്തിൽ 31.12.2017 വരെ 17100 കോടി രൂപയുടെ കയറ്റുമതിയും കൂടാതെ, 64559 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രത്യേക സാമ്പത്തിക മേഖലയിലൂടെ ലക്ഷ്യമിട്ടിട്ടുള്ള അധിക സാമ്പത്തിക വളർച്ചയും അധിക തൊഴിൽ സൃഷ്ടിക്കലും നേടുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത മേഖലയിലെ വ്യവസായ യൂണിറ്റുകൾക്ക് എന്തെല്ലാം നികുതി ഇളവുകളാണ് നൽകുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | 1. ഡോക്യുമെന്റ്സ് രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്.<br>2. പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള VAT /CST ഇളവ്<br>3. GST Act 2017 പ്രകാരം സാധനങ്ങൾ സംഭരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സീറോ റേറ്റ് ഡ്യൂട്ടി ഇളവ്.<br>4. ഇൻകം ടാക്സ് ആക്റ്റിന്റെ 10AA പ്രകാരം SEZ യൂണിറ്റുകൾക്ക് ആദ്യത്തെ 5 വർഷം കയറ്റുമതി വരുമാനത്തിന്റെ 100% വരുമാന നികുതിയിളവും അതിനടുത്ത 5 വർഷത്തേയ്ക്ക് 50% നികുതിയിളവും ലഭിക്കും. |
| (ഡി) | പ്രസ്തുത മേഖലയിലെ ചില സ്ഥാപനങ്ങളിൽ നടക്കുന്ന തൊഴിലാളി വിരുദ്ധ പ്രവർത്തനങ്ങൾ പരിശോധി ക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | ഇതു സംബന്ധിച്ച് യാതൊരുവിധ പരാതികളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

Bindu. T

**സെക്ഷൻ ഓഫീസർ**